ജോസഫ്

മനോജ് വീട്ടിക്കാട്



ജോസഫ്
മനോജ് വീട്ടിക്കാട്
(മലയാളം: ചെറുകഥ)

© 2020, Manoj Veetikad

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Portrait of J. J. P. Oud, a painting by Theo van Doesburg (1883–1931). The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

ജോസഫ്

അനന്തരം മറിയ വേദപുസ്തകം അടച്ചു വെച്ച് ഈ അപ്പനിതെവിടെപ്പോയി എന്ന് വിചാരിച്ച് അപ്പനെ കാത്തിരുന്നു.

മറിയയുടെ അപ്പൻ ലോന...

ലോനയ്ക്ക് താലൂക്കാസ്പത്രിടെ മുന്നിൽ ചായക്കടയുണ്ട്. നാലു സൈക്കിൾ ചക്രങ്ങളിൽ ഉരുട്ടിക്കൊണ്ടു പോകാവുന്ന ഉന്തുവണ്ടിയാണ് അതെങ്കിലും ഇന്നു വരെ അത് എവിടേക്കും നീങ്ങിപ്പോകുന്നത് ആരും കണ്ടിട്ടില്ല. നാലു ചക്രങ്ങളും പഞ്ചറായിപ്പോയ വണ്ടിയെ നോക്കി ഒരിക്കൽ ഒരാൾ ചോദിച്ചു.

“അല്ല ലോനച്ചായോ... വണ്ടിക്ക് വലത്തോട്ടൊരു ചായ്വുണ്ടോന്നൊരു സംശയം...”

“നീയിങ്ങോട്ട് വന്നേ...” എന്ന് ലോന അയാളെ വണ്ടിയുടെ മറുഭാഗത്ത് നിന്ന് വിളിച്ചു.

“ഇപ്പോൾ ചായ്വെങ്ങോട്ടാ...” ഇടത്തോട്ട്...

“ആ അത്രേയുള്ളൂ... ചിലപ്പോൾ ഇടത്തോട്ട് ചിലർക്ക് വലത്തോട്ട്... ചിലപ്പോൾ ചായ്വേ ഇല്ല.”

ലോനയുടെ അപ്പൻ വർക്കി... വർക്കിച്ചായന് ഇത്തിരി കിഴക്കോട്ട് നീങ്ങി ഒരു ഷാപ്പുണ്ട്.

അപ്പനിങ്ങനെ ഷാപ്പ നടത്തുന്നത് ലോനക്ക് കുറച്ചിലാണ്. അയാളത് തരം കിട്ടുമ്പോഴൊക്കെ പറയും. തന്തക്കിതിന്റെ വല്ല ആവശ്യോമുണ്ടോ എന്നാണ് ലോനയുടെ പതിവു ചോദ്യം.

“അവൻ നടത്തുന്നത് സ്റ്റാർ ഹോട്ടലാണല്ലോ... അല്ലെങ്കിൽ പിന്നെ അവൻ തരട്ടെ എനിക്ക് ബീഡിക്കും ചായക്കും കാശ്” എന്ന വർക്കിച്ചന്റെ ആവശ്യത്തിനു മുന്നിൽ ലോന നിശ്ശബ്ദനാവും. വർക്കിച്ചന് എന്തു കൊടുക്കാനും ലോന തയ്യാറാണ്. പക്ഷേ, അയാൾക്കറിയാം, അപ്പനതു വാങ്ങില്ലെന്ന്. അപ്പനയാളോടൊന്ന് മിണ്ടിയിട്ട് വർഷം പത്തായി.

കത്രീനയായിരുന്നു അപ്പന്റെയും മകന്റേയും ഇടയിലെ പാലം.

“നിന്റെ കെട്ടിയവനോട് പറ, രാവിലെ അടക്കാ പറിക്കാൻ തോട്ടത്തിൽ പോകാൻ” എന്ന് വർക്കി കത്രീനയെ ഏല്പിക്കും...

“നിന്റപ്പനോട് പറ എനിക്കു നാളെ പറ്റത്തില്ലാന്ന്” എന്ന് ലോനയും കത്രീനയെ ഏല്പിക്കും.

എന്റപ്പാ എന്നേ കത്രീന വിളിക്കുമായിരുന്നുള്ളൂ. പെണ്ണേ എന്നു മാത്രം വർക്കിച്ചനും അവളെ വിളിച്ചു.

ഒരു ത്രിസന്ധ്യ നേരത്ത് കത്രീന ആരോടും ഒന്നും പറയാതെ ആ പഴയ വീടിന്റെ തട്ടിൻപുറത്ത് തുണികൾ ഉണക്കാനിട്ടതിന്റെ കൂടെ തൂങ്ങി നിൽക്കുന്നത് ആദ്യം കണ്ടത് ലോനയാണ്... വർക്കി മറിയയെയും ചുമലിലിരുത്തി ഇത്തിരി നേരം മുമ്പാണ് പാടത്തിനു നടുവിലൂടെ കവലയിലേക്ക് പോയത് എന്ന് അയൽക്കാരാരൊക്കെയോ പറഞ്ഞു. അന്ന് പോയതാണ് വർക്കി ആ വീട്ടിൽ നിന്ന്.

“അവളില്ലാതെ എങ്ങനാ...” എന്നാണയാൾ പറയുന്നത്.

ലോനയ്ക്ക് ഇപ്പോഴും മനസ്സിലായിട്ടില്ല കത്രീന എന്തിനാണത് ചെയ്തതെന്ന്.

“അതങ്ങനെയാ ലോനേ... ചിലർ എന്തിനാണ് അങ്ങിനെ ചെയ്യുന്നത് എന്ന് നമുക്കാർക്കും മനസിലാവില്ല. നമ്മക്കൊന്നും കാണാൻ പറ്റാത്ത എന്തൊക്കെയോ കാണുന്നവരാണവർ.” ജോസഫ് ഒരു ദിവസം ലോനയോട് പറഞ്ഞു.

ജോസഫ് മോർച്ചറിയിൽ ജോലിക്കു ചേർന്ന ആദ്യത്തെ ദിവസമായിരുന്നു അത്. അന്ന് ഒരേ ഒരു മരണാനന്തര ശസ്ത്രക്രിയയേ ഉണ്ടായിരുന്നുള്ളൂ. ആരോടും പറയാതെ ജീവിതത്തെ വഴിയിൽ ഊരി വെച്ച് പോയ ഒരു സ്ത്രീ. എന്തിനാണവർ അതു ചെയ്തത് എന്നറിയാത്ത ഒട്ടനവധി പേർ ആസ്പത്രി മുറ്റത്ത് ചോദ്യചിഹ്നങ്ങളെ പോലെ അലഞ്ഞു നടക്കുന്നതു ജോസഫ് കണ്ടു.

ആത്മഹത്യ ചെയ്ത സ്ത്രീകൾ മോർച്ചറിയിലെത്തുന്ന ദിവസം ലോനയ്ക്ക് വല്ലാത്ത വെപ്രാളമാണ്. അയാൾ വണ്ടിപ്പീടികയിൽ നിന്ന് പുറത്തിറങ്ങി പല തവണ ആസ്പത്രി മുറ്റത്തു ചെന്നു നില്ക്കും. കൈകൾ കൂട്ടിത്തിരുമ്മി അവിടെ നിന്നു തിരിച്ചു നടക്കും. ഒടുവിൽ മോർച്ചറിയുടെ വാതിൽ തുറന്നു പുറത്തു വരുന്ന ജോസഫിനെ കാണുമ്പോൾ അയാളുടെ മുഖത്ത് വല്ലാത്തൊരാനന്ദം വന്നു നിറയും. ജോസഫ് നേരെ ലോനയുടെ അടുത്തേക്കാണ് വരിക.

“എന്തിനായിരുന്നു?” എന്ന ഒറ്റ ചോദ്യമേ ലോന ചോദിക്കുകയുള്ളൂ എന്ന് അയാൾക്കറിയാം.

“ആവോ” എന്ന മറുപടിയല്ലാതെ മറ്റൊന്നും ജോസഫ് പറയില്ല എന്ന് ലോനയ്ക്കുമറിയാം.

എന്നാലും ലോനയുടെ ചോദ്യവും ജോസഫിന്റെ ഉത്തരവും അവസാനിച്ചതേയില്ല. ഇപ്പോഴിപ്പോൾ ലോനയ്ക്ക് രാവിലെ എത്രയും പെട്ടെന്ന് പീടികയിലെത്തണമെന്നാണ്.

“അപ്പൻ ചെന്നിട്ട് വേണോ അവിടെ ആസ്പത്രി തുറക്കാൻ?”

പോകാൻ തിരക്കു കൂട്ടിയ അപ്പനോട് മറിയ ചോദിച്ചു. അവൾ അപ്പനോട് ധൃതി വക്കലാണല്ലോ പതിവ്.

അപ്പാപ്പനെ കാണാൻ തോന്നുന്ന ദിവസങ്ങളിൽ മാത്രമേ അവൾ അപ്പന്റെ കൂടെ പീടികയിലേക്ക് പുറപ്പെടാറുള്ളൂ. മറിയ അപ്പാപ്പനെ കാണാൻ പോകുന്നതു ലോനയ്ക്ക് ഒട്ടും ഇഷ്ടമായിട്ടല്ല, പക്ഷേ, അവളുടെ ഒരിഷ്ടവും വേണ്ടെന്നു പറയാൻ അയാൾക്കാവില്ലല്ലോ...

മറിയക്കറിയാം വർക്കി അവൾ ചെല്ലുന്നത് കാത്തിരിക്കുമെന്ന്. അവളോടു മാത്രമാണ് അയാൾ ലോനയെക്കുറിച്ച് നല്ലതു പറയുക...

“അപ്പന് ഏനക്കേടൊന്നുമില്ലല്ലോ മോളേ...”

“ഇല്ല അപ്പാപ്പാ...”

അപ്പോൾ വർക്കി ഒരു ദീർഘശ്വാസമെടുക്കും. ശേഷം ചുമലിലെ തോർത്തു കൊണ്ട് മുഖം അമർത്തിത്തുടക്കും. ഓരോ തവണ തിരിച്ചു പോരുമ്പോഴും അപ്പാപ്പൻ വീട്ടിലേക്കു വാ എന്നു വിളിക്കണമെന്ന് അവളും അവളോടൊപ്പം ചെന്ന് അവനെ ഒന്നു കാണണമെന്ന് വർക്കിയും വിചാരിക്കാറുണ്ട്. അവൾ അപ്പാപ്പന്റെ രണ്ടു കൈയും കൂട്ടിപ്പിടിച്ച് അയാളുടെ വെള്ള പടർന്ന കണ്ണുകളിൽ നോക്കിയിരിക്കും. അയാൾ രണ്ടു കുപ്പി പുതിയ കള്ളും അന്നുണ്ടാക്കിയ കറിയും ഒരു സഞ്ചിയിലാക്കി അവൾക്കു കൊടുത്തിട്ടു പറയും...

“നിന്റപ്പന് ഇതൊന്നും വേണ്ടി വരില്ല...”

അപ്പാപ്പന്റടുത്തു നിന്ന് തിരിച്ചു വരുമ്പോഴാണ് മറിയയെ ജോസഫ് ആദ്യമായി കാണുന്നത്. അന്നയാൾക്ക് പണിയൊന്നുമില്ലാത്ത ദിവസമായിരുന്നു.

“അതിനും വേണ്ടി ഇന്നലെ എന്റെ ലോനച്ചായോ... നാലെണ്ണത്തിനെയല്ല്യോ ഞാനീ കൈ കൊണ്ട്...” ജോസഫ് സ്വന്തം കൈകളിലേക്ക് നോക്കി.

ലോന ഇരുന്നിടത്തു നിന്ന് എഴുന്നേറ്റ് വന്ന് അയാളുടെ കൈകൾ മെല്ലെ പിടിച്ചു നോക്കി. പിന്നെ അത് മൂക്കിൽ ചേർത്ത് അതിലെ മണം ആഞ്ഞു വലിച്ചു.

“അതിൽ രണ്ടെണ്ണം വലിയ സങ്കടമായി. ഒരു ചെക്കനും പെണ്ണും...”

ജോസഫ് മറിയയെ നോക്കി...

“എന്റെ മോളാ...” ലോന അവളെ ജോസഫിന് പരിചയപ്പെടുത്തി. “അവൾ അപ്പാപ്പന്റടുത്ത് പോയിട്ട് വരുന്ന വഴിയാ...” ലോന സഞ്ചിയിൽ നിന്ന് കള്ളെടുത്ത് പുറത്തു വച്ചു.

“അപ്പാ... വേണ്ട...”

വീട്ടിൽ വന്നേ കുടിക്കൂ എന്നാണ് ലോനയും മറിയയും തമ്മിലുള്ള വാക്ക്. അതയാൾ തെറ്റിക്കാറേയില്ല. അയാൾ കുപ്പി സഞ്ചിയിലേക്കു തന്നെ വച്ച് ജോസഫിനു നേരെ തിരിഞ്ഞു.

“ഒരു ചെക്കനും പെണ്ണും. എന്നിട്ട്...?”

“രണ്ടാളും കല്യാണം കഴിച്ചു കൊടുക്കണമെന്ന് അപ്പനമ്മമാരോട് ആവും പാടും പറഞ്ഞു. ആരു കേൾക്കാൻ. ഒരു നിവൃത്തിയുമില്ലാന്നു കണ്ടപ്പോൾ രണ്ടാളും ഫോണിൽ വിളിച്ച് വൺ ടു ത്രീ പറഞ്ഞു് ഒരേ സമയം തൂങ്ങി. രണ്ടാളേം ഇന്നലെ വൈകുന്നേരം കൊണ്ടുവന്ന് മോർച്ചറിയിൽ കിടത്തി. ഒരു രാത്രി മുഴുവൻ രണ്ടു പേരും ഒരേ മുറിയിൽ. രാവെളുക്കുവോളം വർത്താനം പറഞ്ഞു കിടന്നിട്ടുണ്ടാവും രണ്ടാളും...”

ജോസഫ് ഒരിക്കൽക്കൂടി മറിയയെ നോക്കി. അവൾ പെട്ടെന്ന് കണ്ണുകൾ പിൻവലിച്ച് വേറെവിടെയോ നോക്കുന്നതായി നടിച്ചു. അന്നു വൈകുന്നേരം ലോനയോടൊപ്പം ജോസഫ് വീട്ടിലേക്കു വരുമെന്ന് അവൾക്കുറപ്പായിരുന്നല്ലോ. കോലായയിൽ വിരിച്ചിട്ട തടുക്കിൽ ചമ്രം പടിഞ്ഞിരുന്ന് ലോനയും ജോസഫും മറിയയുണ്ടാക്കിയ മുളക ചമ്മന്തിയിൽ മുക്കി കപ്പ പുഴുങ്ങിയത് തിന്നുകയും വർക്കി കൊടുത്തു വിട്ട കള്ള് വരട്ടിയ പന്നിയോടൊപ്പം കുടിച്ചു തീർക്കുകയും ചെയ്തു.

“ഇനി ഇത്തിരി കട്ടൻ ചായ കൂടി വേണം”. ജോസഫ് പറഞ്ഞു.

“ഈ എരിവിന് ചൂടു ചായ കൂടി ചേർന്നാൽ...” അയാൾ രുചി ആസ്വദിക്കുന്നതിന്റെ ആഹ്ലാദ ശബ്ദമുണ്ടാക്കി.



മറിയ കട്ടൻ ചായ മുന്നിൽ വച്ചപ്പോൾ അയാൾ പറഞ്ഞു:

“പക്ഷേ, ലോനച്ചായാ... ഞാൻ കഴിച്ച ഏറ്റവും രുചിയുള്ള ഭക്ഷണം ഇതൊന്നുമല്ല.”

അയാൾ ഗ്ലാസ് കൈയിലെടുത്ത് ഒരിറക്ക് കുടിച്ച് മറിയയെ നോക്കി. അയാൾക്കപ്പോൾ താൻ നിൽക്കുന്നത് ഏതോ ഒരു തീവണ്ടി സ്റ്റേഷന്റെ മുമ്പിലെ ചെറിയ ഉന്തുവണ്ടിയുടെ മുന്നിലാണെന്നു തോന്നി. ഭേൽപുരിയും ചന്ന മസാലയും ആവി പറക്കുന്ന പുഴുങ്ങിയ ചോളവും വിൽക്കുന്ന ഒരു മുഷിഞ്ഞ മഖാനി. ഏതൊക്കെയോ തീവണ്ടികൾ വന്നു പോകുന്നതിന്റെ അവ്യക്തമായ അറിയിപ്പുകൾ കേൾക്കാനുണ്ട്. പലതരം ശബ്ദങ്ങളുടെയും പലതരം കാഴ്ചകളുടേയും ഒരു കോക്ക്ടെയിൽ...

കറുത്ത ചീനച്ചട്ടിയുടെ അരികിൽ മുട്ടി ശബ്ദമുണ്ടാക്കുകയും പെട്രോമാക്സിന് കാറ്റടിക്കുകയും ചെയ്യുന്ന അയഞ്ഞ കാലുറയും വലബനിയനും തലപ്പാവും ധരിച്ച പീടികക്കാരൻ ജോസഫിനെ കണ്ടപ്പോൾ തന്റെ പണി നിർത്തി അയാളുടെ അടുത്തേക്ക് വന്നു. ഇടം വലം നോക്കി അയാളുടെ മടിക്കുത്തിൽ തിരുകി വച്ച രണ്ടു പൊതികൾ ജോസഫിനു നൽകുകയും ജോസഫ് കീശയിൽ നിന്ന് ചുരുട്ടിയ രണ്ടു നോട്ടുകൾ അയാൾക്കു കൈമാറുകയും ചെയ്തു.

“രണ്ടു പൊതി മരുന്ന്”. ജോസഫ് പറഞ്ഞത് ലോനയും മറിയയും കേട്ടു.

അവിടെ വച്ചു തന്നെ പൊതികൾ തുറന്ന് തീരെ ചെറിയ അഞ്ചോ ആറോ ചുരുളുകളാക്കും. എന്നിട്ട് നേരെ ചെന്ന് ഏതെങ്കിലും തീവണ്ടിയുടെ ജനറൽ കമ്പാർട്ട്മെന്റിൽ കയറും. കാലു കുത്താനിടയില്ലാത്ത തീവണ്ടിയിലെ ചീഞ്ഞ പച്ചക്കറിയുടേയും നനഞ്ഞ ആട്ടിൻ രോമത്തിന്റെയും ഗന്ധം ജോസഫിന് ഇപ്പോൾ അനുഭവിക്കാൻ പറ്റുന്നുണ്ട്. “ഭായ്, രാസ്താ ദേ ദോ...”

“കിധർ ജാതേ ഹൂ...” അയാൾ വായിൽ വന്ന തെറി ചിലപ്പോൾ പറഞ്ഞെന്നു വരില്ല. എന്നാലും ജോസഫ് മറുപടി പറയും.

“അഗലേ സ്റ്റേഷൻ തക്...”

തട്ടിയും മുട്ടിയും ആ തിരക്കിലൂടെ നടക്കുമ്പോൾ മരുന്നു വാങ്ങാൻ നില്ക്കുന്നവരെ ജോസഫിന് വേഗം തിരിച്ചറിയാം. തിരക്കിലറിയാതെ എന്ന പോലെ കാലിൽ ഒന്നമർത്തിച്ചവിട്ടിയാൽ ആവശ്യക്കാരൻ തലയുയർത്തും... അടുത്ത സ്റ്റേഷനിൽ വണ്ടി കിതച്ചു നിൽക്കുമ്പോഴേക്ക് കൈയിലുള്ള മരുന്ന് വിറ്റുതീരും. വണ്ടി നില്ക്കുന്നതിനു മുമ്പേ ചാടിയിറങ്ങുന്നവരെ കണ്ടാൽ പോലീസുകാർക്കറിയാം. “രുകോ രുകോ” എന്നു വിളിച്ച് പിന്നാലെയോടുന്ന അയാളെ ഉച്ചത്തിൽ തെറി പറഞ്ഞ് പാലത്തിന്റെ ചുവട്ടിൽ ചെന്ന് ആകാശം നോക്കിക്കിടക്കുകയോ ആക്രി ചന്തയിൽ ചുറ്റി നടക്കുകയോ ചെയ്യുമ്പോഴും കീശയിലെ കാശെങ്ങനെ ചെലവാക്കാം എന്നാണാലോചിക്കുക. അതു മുഴുവൻ ചെലവാക്കിയിട്ടു വേണമല്ലോ അടുത്ത പൊതി മരുന്നു വാങ്ങി വേറൊരു വണ്ടിയിൽ വേറൊരു സ്റ്റേഷനിൽ എത്താൻ...

നേരമിരുട്ടിയിട്ടും കൈയിൽ ബാക്കിയായ ഒരു നോട്ട് ചെലവാക്കാനാണ് രണ്ടി മാർഗിലേക്ക് പോയത്... ദിവസങ്ങളായി നോക്കി വച്ച ഒരുത്തിയുണ്ടവിടെ. ഇരുനിറക്കാരി. ചതുരമുഖമുള്ളവൾ... അവളപ്പോൾ അന്നത്തെ മൂന്നാമത്തെ ഇടപാടുകാരനെ യാത്രയാക്കുകയായിരുന്നു. അയാളവൾക്ക് തന്റെ നീണ്ട ജുബയുടെ തെറുത്തു വച്ച കൈ നിവർത്തി അതിൽ നിന്നെടുത്ത ഒരു കറൻസി കൂടി നല്കി മനസ്സില്ലാ മനസ്സോടെ ഇറങ്ങിപ്പോയി.

“ഇരിക്ക്” എന്നു പറഞ്ഞ് മുടി ഒന്നു കൂടി അഴിച്ചു കെട്ടി ആ മുറിയെ രണ്ടായി തിരിക്കുന്ന തിരശ്ശീലക്കപ്പുറത്തേക്ക് പോയ അവൾ സമയം കുറേ കഴിഞ്ഞിട്ടും തിരിച്ചു വന്നില്ല. ഇടുങ്ങിയ മുറിയാകെ ഉള്ളിയും പരിപ്പും വേവുന്ന ഗന്ധം. ചെന്നു നോക്കുമ്പോൾ അവൾ മണ്ണെണ്ണ സ്റ്റൗവിൽ പാചകത്തിലാണ്. “ഇപ്പോ കഴിയും...” അവൾ ചിരിച്ചു.

“തിരക്കൊന്നുമില്ലല്ലോ...?” അവൾ അടുപ്പിലെ തീ ഇത്തിരി കൂടി കൂട്ടി വച്ചു. അവളോടൊപ്പം നിലത്ത് കാലും നീട്ടിയിരുന്നു.

അന്നവൾ വിളമ്പിയ അവളുടേതിൽ പാതി ഭക്ഷണമാണ് ഇന്നോളം കഴിച്ചതിൽ ഏറ്റവും രുചികരം. വിശപ്പു മാറാൻ മാത്രം അതുണ്ടായിരുന്നില്ല.

വെറും നിലത്ത് നീണ്ടു നിവർന്നു കിടന്ന തന്റെ അടുത്ത് അവളും വന്നു കിടന്നു.

“ഞാൻ നിനക്ക് എന്താണ് ചെയ്തു തരേണ്ടതു?” അവൾ ചോദിച്ചു.

“ഇപ്പോൾ നീ തന്ന ആഹാരത്തിന്റെ രുചി പഠിപ്പിച്ചു തരാമോ?”

അവൾ ചിരിച്ചു. ചെറിയ ജനാലയിലൂടെ അസ്തമന സൂര്യന്റെ ചുവന്ന വെളിച്ചം അരിച്ചു വരുന്നുണ്ടായിരുന്നു. ഉള്ളിലൂടെ ഏതൊക്കെയോ പുരാതനമായ രുചിക്കൂട്ടുകൾ തികട്ടിത്തികട്ടി വരുന്നു. എഴുന്നേറ്റിരുന്ന് അവളുടെ നെറ്റിയിൽ ചുംബിച്ചു. പോക്കറ്റിലുണ്ടായിരുന്ന പണമെടുത്ത് അവളുടെ കൈയിൽ പിടിപ്പിച്ച് പുറത്തേക്കു നടന്നു. എത്ര കുടഞ്ഞു കളഞ്ഞിട്ടും പോകാതെ ഒരു പ്രകമ്പനം തലച്ചോറിലാകെ... ആൾക്കൂട്ടത്തിനിടയിലൂടെ അതിവേഗം നടന്നു. കാലുകൾ കുഴഞ്ഞിട്ടും ഉടലാകെ തളർന്നിട്ടും നിൽക്കാൻ തോന്നിയതേയില്ല. പോകണം പോകണം എന്നൊരൊറ്റ പിടച്ചിൽ... കിട്ടിയ വണ്ടിക്ക് കയറി... വരണ്ട ഉഷ്ണനിലങ്ങളിലൂടെയും തീപ്പിടിച്ച ശൂന്യസ്ഥലികളിലൂടെയും അലഞ്ഞ് നാട്ടിലെത്തിയപ്പോൾ അമ്മച്ചിയുടെ ശവമടക്ക് കഴിഞ്ഞ് ആൾക്കാർ പിരിയുന്നതേയുണ്ടായിരുന്നുള്ളൂ.

ജോസഫ് മുറ്റത്തിറങ്ങി കൈകഴകി കുലുക്കുഴിഞ്ഞ് നീട്ടിത്തുപ്പി. ചുവന്ന സൂര്യ വെളിച്ചത്തിൽ ചോരത്തുള്ളികൾ പോലെ വെള്ളം ചിതറി വീണപ്പോൾ ജോസഫിന് ചിരിക്കാൻ തോന്നി.

“ഞാൻ പോണ്... അപ്പനോട് പറഞ്ഞേക്ക്...” ചിരി കേട്ടു പുറത്തേക്കു വന്ന മറിയയോട് ജോസഫ് പറഞ്ഞു. ഉടുമുണ്ട് ഒന്നു കൂടി കയറ്റി മടക്കി കുത്തി ഒരു ബീഡിയും കത്തിച്ച് അയാൾ അന്നു പോയ പോക്ക് മറിയക്ക് ഇപ്പോഴും കാണാം. പിന്നീട് എത്ര തവണ ജോസഫ് വന്നുവെന്ന് മറിയക്ക് നിശ്ചയമില്ല. അവൾ അപ്പാപ്പന്റടുത്ത് പോയി വരുന്ന ദിവസങ്ങളിലൊക്കെയും അയാളവളെ കാണാൻ വരികയും അപ്പാപ്പൻ കൊടുത്തു വിടുന്ന കള്ളും എരി കൂടുതലുള്ള കറിയും കഴിക്കുകയും ചെയ്തു.

ഇപ്പോൾ താൻ അപ്പാപ്പനെ കാണാൻ പോകുന്നതു തന്നെ ജോസഫിനു വേണ്ടിയാണല്ലോ എന്നവൾ സ്വയം ചിരിച്ചു. വരുമ്പോഴൊക്കെ ജോസഫ് മരണാനന്തര ശസ്ത്രക്രിയക്കു വരുന്ന പെണ്ണുടലുകളെക്കുറിച്ച് - പറഞ്ഞു.

“ചില ദേഹങ്ങൾ... നമുക്കവയെ വേദനിപ്പിക്കാനേ തോന്നില്ല. ഒരു പോറലു പോലുമേൽക്കാത്ത അവയിലേക്കെങ്ങനെയാണ് കത്തിയിറക്കുക എന്ന് ഒരു വേള നമുക്ക് വല്ലാതെ സങ്കടം വരും.” ജോസഫ് പറഞ്ഞു.

കുളിമുറിയിൽ ഒളിച്ചു വച്ച കാമറയിലെ ചിത്രങ്ങളെ പേടിച്ച് ആത്മഹത്യ ചെയ്തവളുടെ ഉടൽ വന്ന ദിവസമായിരുന്നു അത്.

“മറ്റുള്ളവർ കാണുന്നത് വെറും ചിത്രങ്ങളല്ലേ... ഇവിടെയോ...ആരൊക്കെയോ കാണുകയും തട്ടിയുരുട്ടുകയും വെട്ടിമുറിക്കുകയും ചെയ്യുന്നു. ഈ ഉടലിന്റെ പേരിൽ ചത്തു കളയുന്ന പെണ്ണുങ്ങളുണ്ടല്ലോ... ശരിക്കും വെറും മണ്ടികളാ...” ജോസഫ് മറിയയെ നോക്കി പറഞ്ഞു...

“ഓരോ ദേഹവും ഓരോ കഥയാണ് മറിയാ... തലമുടിയിൽ പിടിച്ച് മരവിച്ച മാർബിൾ പലകയിൽ കിടത്തുമ്പോൾ മുതൽ അവ നമ്മോടു പറയുന്ന കഥകൾ അവസാനിക്കുകയേയില്ലെന്നു തോന്നും. പാതിയടഞ്ഞു പോയ കണ്ണുകളിൽ അവർ മാത്രം കണ്ട ഒരവസാന കാഴ്ച നമുക്കാർക്കും പിടി തരാതെ ഒളിച്ചിരിക്കുന്നുണ്ടാവും. ചുരുട്ടിപ്പിടിച്ച കൈകളിൽ അവസാനം പിടിച്ച ഒരു ചൂണ്ടുവിരലിന്റെ ചൂട് ബാക്കിയുണ്ടാവും.” ജോസഫ് മറിയയുടെ അടുത്തേക്ക് നീങ്ങിയിരിക്കുകയും അവളുടെ കൈയിൽ മുറുകെ പിടിക്കുകയും ചെയ്തു.

ഇടത്തേ ചെവിയിലെ കല്ലടർന്നു പോയ മൊട്ടു കമ്മൽ പതുക്കെ അഴിച്ചെടുക്കുന്നത് ജോസഫ് പറഞ്ഞപ്പോൾ മറിയ അറിയാതെ അവളുടെ ചെവിയിൽ തൊട്ടു നോക്കി. നെഞ്ചിലും വയറിലും ഒരുമിച്ച് പിടിച്ച് ജോസഫ് അതിനെ കമിഴ്ത്തി കിടത്തിയപ്പോൾ മറിയക്ക് ശ്വാസം മുട്ടുന്നതു പോലെ തോന്നി. പിൻ കഴുത്തിലൂടെ വിരലുകൾ താഴേക്ക് അരിച്ചു പോകുന്നത് അവൾ ശരിക്കുമനുഭവിച്ചു. ഓരോരോ അടരുകളായി ജോസഫ് ദേഹമാകെ അഴിച്ചെടുക്കുന്നത് മറിയ ഒട്ടൊരു കൗതുകത്തോടെ നോക്കിയിരുന്നു...



സാവധാനം കണ്ണടക്കുമ്പോൾ ജോസഫ് അടുത്തേക്ക് വരുന്നത് അവൾക്ക് അടഞ്ഞ കണ്ണുകളിൽ കാണാം.

“മറിയേ...” ജോസഫ് തീരെ താണ ശബ്ദത്തിൽ വിളിച്ചു.

“ഉം...” അവൾ വിളി കേട്ടു.

“ഞാനാലോചിക്കായിരുന്നു.”

“എന്തു?”

“ഇത്രയും ഭാരമുള്ള നിന്നെ ഞാനെങ്ങനെയാണ് ആ മാർബിൾ മേശയിലേക്ക് എടുത്തു കിടത്തുക?”

ഉള്ളാകെ ഇളക്കിമറിച്ച് ഒരു ഓക്കാനം അടിവയറ്റിൽ നിന്ന് പൊട്ടിപ്പുറപ്പെടുന്നതു പോലെ മറിയക്കു തോന്നി. കത്തികൊണ്ടു കഴുത്തു മുതൽ താഴേക്ക് ഒരു വരവരച്ചതു പോലെ അവൾ പുളഞ്ഞു പോകുകയും ചെയ്തു.

മറിയ സാവധാനം കണ്ണു തുറന്ന് ജോസഫിനെ നോക്കി.

ഉള്ളിലുള്ള ഊഷ്മാവത്രയും തണുത്തു പോകുന്നതു പോലെ തോന്നി ജോസഫിന്. പെയ്യാതെ തോർന്നു പോയ ഒരു പെരുമഴ പോലെ അയാൾ സ്വയം ശൂന്യമായി.

“ഞാൻ പോണ്...” അയാൾ മറിയയെ നോക്കാതെ പുറത്തേക്കു നടന്നു.

സാരമില്ല എന്നു പറയണമെന്നുണ്ടായിരുന്നു മറിയയ്ക്ക്. എന്നാലും അവളത് വേണ്ടെന്നു വച്ചു...

□

മനോജ് വീട്ടിക്കാട്

കഥാകൃത്ത്, നോവലിസ്റ്റ്, നിരൂപകൻ. ആൺ പേടി, എലീറ്റ ആഞ്ജലീന തുടങ്ങിയവർ എന്നീ ചെറുകഥാ സമാഹാരങ്ങളും, തുക പൂജ്യമാകുന്ന കളികൾ, ഹിസ്റ്ററോബിയ എന്നീ നോവലുകളും പ്രസിദ്ധീകരിച്ചു. ആനുകാലികങ്ങളിൽ കഥകളും നിരൂപണങ്ങളും എഴുതുന്നു. jwalanam.in എന്ന പോർട്ടലിൽ കഥാവൃത്താന്തം എന്ന കഥാവലോകന പംക്തി ചെയ്യുന്നു. പാലക്കാട് ജില്ലയിൽ മണ്ണാർക്കാട്ട്, പള്ളിക്കുറുപ്പ് സ്വദേശിയാണ്. ഭക്ഷ്യ പൊതുവിതരണ വകുപ്പിൽ ജോലി ചെയ്യുന്നു.

കലിഗ്രഫി: എൻ. ഭട്ടതിരി
ചിത്രീകരണം: വി. പി. സുനിൽകുമാർ

പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014